**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5608** **08-07-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ മെട്രോക്കായി ഏറ്റെടുത്ത സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകളുടെയും, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ(NHAI), ഇന്ത്യൻ റെയിൽവേ, വൈറ്റില മൊബിലിറ്റി ഹബ്, കൊച്ചിൻ കോർപ്പറേഷൻ, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്(BSNL), ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്(FACT) എന്നീ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്ഥലങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ആലുവ മുനിസിപ്പാലിറ്റി, കളമശ്ശേരി മുനിസിപ്പാലിറ്റി, തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ, ചൂർണ്ണിക്കര പഞ്ചായത്ത് എന്നിവയുടെയും വൈറ്റില-പേട്ട റോഡ് വികസനത്തിനായി ഇന്ത്യൻ നേവിയിൽ നിന്നും കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷനിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മറ്റു വകുപ്പുകൾ തമ്മിൽ നിലവിൽ തർക്കങ്ങളില്ല. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇപ്പോഴും തർക്കം നിലനിൽക്കുന്ന സ്ഥലങ്ങളും വകുപ്പുകളും ഏതൊക്കെയാണ്; വിശദമാക്കാമോ; | (സി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മറ്റു വകുപ്പുകൾ തമ്മിൽ നിലവിൽ തർക്കങ്ങളില്ല. |
| (ഡി) | പ്രസ്തുത തർക്കം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മറ്റു വകുപ്പുകൾ തമ്മിൽ നിലവിൽ തർക്കങ്ങളില്ല. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം**

**കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിവരങ്ങൾ**

| **വില്ലേജ്** | **വിസ്തൃതി** | **വകുപ്പ്** | **റിമാർക്സ്** |
|---|---|---|---|
| ആലുവ വെസ്റ്റ് | 0.2640 | പൊതുമരാമത്ത് | ആലുവ സ്റ്റേഷൻ |
| ചൂർണിക്കര | 1.4057 | തദ്ദേശ സ്വയംഭരണം | മുട്ടം മെയിന്റനൻസ് യാർഡ് |
| | 0.0609 | എൻ.എച്ച്.എ.ഐ(NHAI) | പുളിഞ്ചോട് സ്റ്റേഷൻ |
| തൃക്കാക്കര നോർത്ത് | 0.0686 | തദ്ദേശ സ്വയംഭരണം | കുസാറ്റ് സ്റ്റേഷൻ |
| എളംകുളം | 0.4498 | ജി.സി.ഡി.എ. (GCDA) | ജെ.എൽ.എൻ. സ്റ്റേഡിയം |
| എറണാകുളം | 0.0664 | കോളജ് വിദ്യാഭ്യാസം | മഹാരാജാസ് സ്റ്റേഷൻ |
| | 0.1489 | തദ്ദേശ സ്വയംഭരണം | വയഡക്ട് & സ്റ്റേഷൻ |
| | 0.0660 | രജിസ്ട്രേഷൻ | വയഡക്ട് |
| | 0.0116 | കെ.ഡബ്ല്യൂ.എ.(KWA) | വയഡക്ട് |
| | 0.0185 | എഫ്.എ.സി.റ്റി.(FACT) | വയഡക്ട് |
| പൂണിത്തുറ | 0.0133 | തദ്ദേശ സ്വയംഭരണം | പേട്ട സ്റ്റേഷൻ |
| | 0.5327 | വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി | വൈറ്റില സ്റ്റേഷൻ (വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി) |
| നടമ | 0.1575 | എറണാകുളം റീജിയണൽ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ | - |

## ചുരുക്കത്തിൽ

| | |
|---|---|
| തദ്ദേശ സ്വയംഭരണ വകുപ്പ് | 1.6365 |
| ഗതാഗത വകുപ്പ് | 0.5327 |
| എൻ.എച്ച്.എ.ഐ(NHAI) | 0.0609 |
| ജി.സി.ഡി.എ.(GCDA) | 0.4498 |
| കെ.ഡബ്ല്യു.എ.(KWA) | 0.0116 |
| പൊതുമരാമത്ത് | 0.2640 |
| കോളജ് വിദ്യാഭ്യാസം | 0.0664 |
| രജിസ്ട്രേഷൻ | 0.0660 |
| എഫ്.എ.സി.റ്റി.(FACT) | 0.0185 |
| മിൽമ | 0.1575 |
| **ആകെ** | **3.2639** |